മിസ്റ്റർ ഐ. എൻ. മേനോൻ.—അധഃകൃത വിദ്യാർത്ഥികൾക്ക് ഭക്ഷണത്തിനും മറ്റും സംഖ്യ കൊടുക്കുന്ന സമ്പ്രദായം തന്നെയാണ ഇപ്പോഴും നിലവിലിരിക്കുന്നത". എന്നാൽചില സ്കൂളുകളിൽ ഉച്ചഭക്ഷണം തയ്യാറാക്കി കൊടുക്കുന്നുമുണ്ട്.

Improvements made by Depressed Classes.

623. മിസ്റ്റർ കെ. പി. വള്ളോൻ.—അധഃകൃതർ പൂർവ്വികമായി താമസിച്ചുവരുന്ന സ്ഥലത്തു് അവർ വല്ല ദേഹണ്ഡങ്ങളും മറ്റും ഉണ്ടാക്കീട്ടുള്ളതിനു് ന്യായമായ പ്രതിഫലം അവർക്കു കൊടുപ്പിക്കുവാൻ സംരക്ഷകൻ വല്ലതും പ്രവൃത്തിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെയാണ്?

രാമവർമ്മതമ്പുരാൻ—മറ്റുള്ള കുടിയാന്മാർക്കു കിട്ടുന്നതുപോലെയുള്ള ന്യായമായ പ്രതിഫലം ഇവർക്കും ലഭിക്കുന്നതാണ്. അങ്ങിനെ അല്ലാതെ ആക്ഷേപങ്ങൾ കിട്ടിയ സംഗതികളിൽ തരിയായ നടപടികൾ നടത്തുന്നുമുണ്ട്.

Ill-treatment—Depressed Classes.

624. മിസ്റ്റർ കെ. പി. വള്ളോൻ.—അധഃകൃതരെ അടിമകൾ എന്നു തോന്നിച്ചു് നിർബ്ബന്ധമായി മർദ്ദിക്കുന്ന വിവരം ഇപ്പോഴത്തെ സംരക്ഷകൻ വല്ല വിധത്തിലും അറിഞ്ഞിട്ടുണ്ടോ?

രാമവർമ്മതമ്പുരാൻ.—അധഃകൃതരെ ദേഹോപദ്രവം ചെയ്യുന്നതായി ചില ഹർജ്ജികൾ കിട്ടിയിട്ടുണ്ടു് അതിനു് അപ്പോഴപ്പോൾ വേണ്ട നടപടികളും നടത്തിയിട്ടുണ്ടു്.

Concessions—Depressed Class students.

625. മിസ്റ്റർ കെ.പി. വള്ളോൻ.—അധഃകൃതവിദ്യാർത്ഥികൾക്കു് മുമ്പിനും മറ്റും അനുവദിച്ചിട്ടുള്ള സംഖ്യ സംഖ്യയായിതന്നെ കൊടുക്കുവാൻ ഗവർമ്മെണ്ടിനു് വല്ല വിരോധവുമുണ്ടോ?

മിസ്റ്റർ ഐ. എൻ. മേനോൻ:—സംഖ്യയായികൊടുത്താൽ ഒരു പയോഗപ്പെടുത്തുവാൻ ഇടയുള്ളതുകൊണ്ടു് മുണ്ടുവാങ്ങികൊടുക്കുകയാണു ചെയ്യുന്നത്.

Contracts—Depressed c asses.

626. മിസ്റ്റർ കെ. പി. വള്ളോൻ.—സംരക്ഷണ ഡിപ്പാർട്ടുമെണ്ടിലുള്ള കണ്ടാക്ടു് ഉദ്യോഗം എന്നിവകൾ സംരക്ഷകന്റെ സ്വന്തം ജാതിക്കാക്കു കൊടുക്കുന്നുണ്ടോ?

രാമവർമ്മതമ്പുരാൻ.—സ്വന്തം ജാതിക്കാക്കും കൊടുക്കുന്നുണ്ടു്.

മിസ്റ്റർ കെ. പി വള്ളോൻ.—സംരക്ഷണ ഡിപ്പാർട്ടുമെണ്ടിലുള്ള കൺട്രാക്ടുകൾ അധികവും അധഃകൃത സംരക്ഷകൻ തന്റെ സ്വന്തം ജാതിക്കാക്കുമാത്രം അല്ലേ കൊടുത്തുവരുന്നതു്?

LIBRARY ARCHIVES Kerala Legislative Assembly